## പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 1677 — 14. 07. 2016 ൽ മറുപടിക്ക്

**വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ**

| ചോദ്യം<br>ശ്രീ.സി.കെ.ഹരീന്ദ്രൻ | ഉത്തരം<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|
| (എ) കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷണിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച് ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) പ്രസ്തുത ചട്ടങ്ങൾ വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിക്കുന്നതിന് സംസ്ഥാന ഗവൺമെന്റിന്റെ അംഗീകാരം ആവശ്യമുണ്ടോ എന്ന് വ്യക്തമാക്കുമോ ;<br>(സി) സംസ്ഥാന ഗവൺമെന്റ് അംഗീകരിച്ചതിൽ നിന്നും വ്യത്യസ്തമായ ചട്ടങ്ങൾ റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ഡി) എങ്കിൽ ഇതിനിടയാക്കിയ സാഹചര്യം പരിശോധിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (ബി),(സി)&(ഡി) ഉണ്ട്. വിവിധ തസ്തികകളിലെ ഓഫീസർമാരുടെ എണ്ണം, അവരുടെ സേവന-വേതന വ്യവസ്ഥകൾ എന്നിവ സംബന്ധിച്ച് പുറപ്പെടുവിക്കുന്ന റെഗുലേഷനുകൾക്ക് സർക്കാർ അംഗീകാരം ആവശ്യമാണ്. സർക്കാർ അംഗീകരിച്ചതിൽ നിന്നും വ്യത്യസ്തമായി, കമ്മീഷൻ സെക്രട്ടറിയ്ക്കും ഡയറക്ടർക്കും എതിരെയുള്ള അച്ചടക്കനടപടി സംബന്ധിച്ച അപ്പീൽ, അധികാരിയായി കമ്മീഷനെ അധികാരപ്പെടുത്തിക്കൊണ്ട് റെഗുലേറ്ററി കമ്മീഷൻ റെഗുലേഷൻ പ്രസിദ്ധീകരിച്ചിരുന്നു. മേൽസൂചിപ്പിച്ച ഉദ്യോഗസ്ഥരുടെ കാര്യത്തിൽ അച്ചടക്കനടപടികളിലുള്ള അപ്പീൽ അധികാരി സർക്കാർ ആയിരിക്കണം എന്നാണ് കരട് റെഗുലേഷനിൽ സർക്കാർ നിശ്ചയിച്ചിരുന്നത്. ഇതു സംബന്ധിച്ച് പുറപ്പെടുവിച്ച റെഗുലേഷൻ സാധൂകരിക്കണമെന്ന് കമ്മീഷൻ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.കമ്മീഷൻ പ്രസിദ്ധീകരിച്ച റെഗുലേഷനുകളിൽ മേൽപ്പറഞ്ഞ കാര്യത്തിൽ ഭേദഗതി വരുത്തേണ്ടതാണെന്ന ഉപാധിയോടെ റെഗുലേഷൻ പ്രസിദ്ധീകരിച്ച നടപടി സാധൂകരിച്ച് നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ